(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക, പദ്ധതിയേതര ചെലവുകൾ പരമാവധി കുറയ്ക്കുക, കേന്ദ്രത്തിൽ നിന്ന് കൂടുതൽ സഹായം ആവശ്യപ്പെടുക കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ വേണ്ടി കൈക്കൊണ്ടിട്ടുണ്ട്.

ട്രഷറി നിയന്ത്രണം

10 (394) ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 2000-2001 സാമ്പത്തിക വർഷത്തിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായോ ;

(ബി) എങ്കിൽ എത്ര തവണ ;

(സി) നിയന്ത്രണം ഏർപ്പെടുത്താനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജി.ഒ.(പി) 380/90/ധന.തീയതി 01-07-1990-ലെ വ്യവസ്ഥകൾ നില നിൽക്കുന്നു. പുതുതായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

സംസ്ഥാന സർക്കാർ എടുത്ത വായ്പകൾ

11 (396) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകളിൽ നിന്നോ സംസ്ഥാനത്തെ ധനകാര്യസ്ഥാപനങ്ങളായ കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയവയിൽ നിന്നോ വായ്പ എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കോടി രൂപ വീതം ;

(സി) ഈ തുക ഏത് ആവശ്യത്തിനായാണ് വായ്പ എടുത്തത് ;

(ഡി) ഈ വായ്പകൾ എന്തൊക്കെ ആവശ്യത്തിനായാണ് ചെലവാക്കിയത് ;

(ഇ) ഈ ലോണുകൾക്ക് പ്രതിവർഷം എത്ര തുക പലിശയായി കൊടുക്കണം ;

LIBRARY ARCHIVES Kerala Legislative Assembly